പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1503 | 13.07.2016 ൽ മറുപടിയ്ക്ക്

ശബരി ഉല്പന്നങ്ങൾ

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കെ.എസ്.സി. എസ്.സി വഴി വിറ്റഴിച്ച് വന്നിരുന്ന പരലുപ്പ് (ശബരി), ഉത്സവസീസണുകളിലും മറ്റും അവയുടെ ഔട്ട് ലറ്റുകളിൽ ലഭ്യമാകില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) എറണാകുളം മുതലുള്ള തെക്കൻ ജില്ലകളിൽ ശബരി ഉപ്പ് വിതരണത്തിന് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള തമിഴ്നാട് ആസ്ഥാനമായുള്ള കമ്പനി കനത്ത മഴയും വെള്ളപ്പൊക്കവുംമൂലം പ്രവർത്തന രഹിതമായതുമൂലം ശബരി ഉപ്പിന്റെ വിതരണം തടസ്സപ്പെട്ടിരുന്നു. പ്രസ്തുത കമ്പനിയുമായുള്ള കോൺട്രാക്ട് 2016 ജൂലൈ മാസത്തിൽ അവസാനിക്കും. പുതിയ കോൺട്രാക്ടിനുള്ള നടപടി ക്രമങ്ങൾ ഏകദേശം പൂർത്തിയായി. 2016 ആഗസ്റ്റ് മാസം മുതൽ തടസ്സമില്ലാതെ വിതരണം സാധിക്കുന്നതാണ്. തൃശ്ശൂർ മുതലുള്ള വടക്കൻ ജില്ലകളിൽ വിതരണം തടസ്സപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത സന്ദർഭങ്ങളിൽ ഔട്ട്ലെറ്റുകളിലൂടെ സ്വകാര്യ കമ്പനികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് സ്വകാര്യ ഉടമകൾക്ക് കോടികൾ ലാഭമുണ്ടാക്കിക്കൊടുക്കുന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്ന നടപടി നിരുത്സാഹപ്പെടുത്തുമോ; | (ബി) സപ്ലൈകോ ഔട്ട് ലെറ്റുകളിൽ ശബരി ഉൽപ്പന്നങ്ങൾക്ക് സമാനമായ മറ്റ് കമ്പനി ഉൽപ്പന്നങ്ങളുടെ വിൽപ്പന മൂന്ന് എണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (സി) പൊതുജനങ്ങൾക്ക് സർക്കാർ ഉൽപ്പന്നങ്ങൾ മുടക്കമില്ലാതെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ; | (സി) ശബരി ഉൽപ്പന്നങ്ങൾ ആവശ്യാനുസരണം മുടക്കമില്ലാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത ഔട്ട് ലെറ്റുകളിലൂടെ സർക്കാർ ഉല്പന്നങ്ങൾക്ക് ലാഭം കുറഞ്ഞാലും അവ വിറ്റഴിക്കുന്നതിന് പകരം സ്വകാര്യകമ്പനികളുടെ ഉല്പന്നങ്ങളുടെ വിൽപന പ്രോത്സാഹിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ നടപടി നിരുത്സാഹപ്പെടുത്തുമോ? | (ഡി) ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മറ്റ് കമ്പനികളുടെ സമാനമായ ഉൽപ്പന്നങ്ങൾ മൂന്നിലധികം വിൽക്കുവാൻ പാടില്ല എന്ന് ഔട്ട് ലെറ്റ് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ